പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 141 | 06.03.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽ കുമാർ<br>" അനൂപ് ജേക്കബ്<br>" എം. വിൻസെന്റ്<br>" കെ.എസ്.ശബരീനാഥൻ | എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പെൻഷൻ കാർക്ക് മുടങ്ങിയ പെൻഷൻ നൽകുന്നതിന് സഹകരണ ബാങ്കുകളുടെ കൺസോർഷ്യവുമായി കെ.എസ്.ആർ.ടി.സി. ധാരണാ പത്രം ഒപ്പ് വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന പെൻഷൻ നൽകുന്നതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, സർക്കാർ, കെ.എസ്.ആർ.ടി.സി എന്നിവർ ചേർന്ന് ധാരണ പത്രം ഒപ്പുവെച്ചിട്ടുണ്ട്. നിലവിൽ കുടിശ്ശികയുള്ള അഞ്ച് മാസത്തെ പെൻഷൻ വിതരണം നടത്തി കഴിഞ്ഞു. തുടർന്ന് 2018 ജൂലൈ വരെയുള്ള പ്രതിമാസ പെൻഷനും പ്രസ്തുത ധാരണ പ്രകാരം വിതരണം ചെയ്യുന്നതാണ്. |
| (ബി) | എത്ര മാസത്തെ പെൻഷൻ കുടിശ്ശികയും പെൻഷനുമാണ് സഹകരണ ബാങ്കുകൾ വഴി നൽകുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിനായി കെ.എസ്.ആർ.ടി.സി. പലിശയിനത്തിൽ എന്ത് തുക സഹകരണ ബാങ്കുകൾക്ക് നൽകേണ്ടി വരുമെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | കുടിശ്ശികയുള്ള അഞ്ച് മാസത്തെ പെൻഷനും തുടർന്ന് 2018 ജൂലൈ വരെയുള്ള പ്രതിമാസ പെൻഷനുമാണ് സഹകരണ ബാങ്കുകൾ വഴി നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. സഹകരണ ബാങ്കുകൾ മുഖേന വിതരണം നടത്തിയ പെൻഷൻ തുക, സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയിരം കോടി രൂപയുടെ ധനസഹായത്തിൽ നിന്നും 10% പലിശ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കുന്നതാണ്. |
| (സി) | കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയിരം കോടി രൂപയുടെ ധനസഹായത്തിൽ നിന്ന് സഹകരണ സംഘങ്ങൾ പെൻഷനായി നൽകുന്ന തുക തട്ടിക്കിഴിക്കുമോയെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ ബാധ്യതയുടെ അൻപത് ശതമാനം വീതം സർക്കാരും കെ.എസ്.ആർ.ടി.സി.യും വഹിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശം നിലവിലുണ്ടോ; | (ഡി) യും (ഇ) യും | ഇത്തരത്തിലുള്ള ഒരു നിർദ്ദേശം നിലവിലില്ല |
| (ഇ) | ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി, പെൻഷൻ നൽകുന്നതിനുള്ള ബാധ്യത സഹകരണ സംഘങ്ങൾക്ക് കൈമാറിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**